# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5165 — 30.06.2014-ൽ മറുപടിയ്ക്ക്

<u>എന്റെ മരം പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ്<br>,, എ.പി. അബ്ദുള്ളക്കുട്ടി<br>" ലൂഡി ലൂയിസ്<br>,, ഡൊമിനിക് പ്രസന്റേഷൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) എന്റെ മരം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | എ) സംസ്ഥാനത്തെ വൃക്ഷാവരണം വർദ്ധിപ്പിച്ച്, ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും, വായു മലിനീകരണത്തെയും ചെറുക്കുക, മണ്ണ്- ജല സംരക്ഷണം ഉറപ്പുവരുത്തുക, സാധാരണ ജനങ്ങൾക്ക് തടി, വിറക്, എന്നിവ ലഭ്യമാക്കുക, സ്വകാര്യ കൈവശ സ്ഥലങ്ങളിലെ തടി ലഭ്യത വർദ്ധിപ്പിക്കുക, വൃക്ഷവൽക്കരണം, വന്യജീവി സംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം, ഹരിതവൽക്കരണം മുഖേന ലഭ്യമാകുന്ന പാരിസ്ഥിതിക സേവനങ്ങൾ എന്നിവയെ സംബന്ധിച്ച അവബോധം സ്കൂൾ വിദ്യാർത്ഥികളിൽ സൃഷ്ടിച്ച് പ്രകൃതി സംരക്ഷണത്തെ പരിപോഷിപ്പിക്കുന്നതോടൊപ്പം 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്ത്, അവ ബന്ധപ്പെട്ട സ്കൂൾ കോമ്പൗണ്ടിലോ, അതിനോടു ചേർന്ന പൊതുസ്ഥലത്തോ, വിദ്യാർത്ഥിയുടെ വീട്ടുവളപ്പിലോ നട്ടുവളർത്തി ജൈവവൈവിദ്ധ്യ സംരക്ഷണവും മറ്റും ഉറപ്പുവരുത്തുകയെന്നതും "എന്റെ മരം" പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളാണ്. |

| | | | |
|---|---|---|---|
| ബി) | കൃത്രിമ വനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വനസംരക്ഷണത്തിൽ താൽപര്യം ഉണ്ടാകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | ബന്ധപ്പെട്ട സ്കൂൾ കോമ്പൗണ്ടിലോ, അതിനോടു ചേർന്ന പൊതുസ്ഥലത്തോ, വിദ്യാർത്ഥിയുടെ വീട്ടുവളപ്പിലോ നട്ടുപിടിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സ്കൂളുകൾ മുഖേന വനം വകുപ്പ് സൗജന്യമായി വിവിധയിനം വൃക്ഷത്തൈകൾ 'എന്റെ മരം പദ്ധതി' യിലൂടെ വിതരണം ചെയ്തുവരുന്നുണ്ട് വിവിധയിനങ്ങളിലുള്ള വൃക്ഷതൈകളുടെ വിതരണം മാത്രമാണ് ഈ പദ്ധതിയിലൂടെ ഇപ്പോൾ വനം വകുപ്പ് നടത്തിവരുന്നത്. എന്റെ മരം പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്ന സ്കൂളിന് ജില്ലാതലത്തിൽ 25,000/- രൂപയും, സംസ്ഥാനതലത്തിൽ 1,00,000/- രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന വനമിത്ര പുരസ്ക്കാരവും നൽകി വരുന്നുണ്ട്. |
| സി) | എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിവരുന്നത് ; വിശദമാക്കാമോ ; | സി) | സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികളെ ലക്ഷ്യമിട്ടുള്ള ടി പദ്ധതി പ്രകാരം കേരളമൊട്ടാകെയുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വനം വകുപ്പ് സൗജന്യമായി നൽകുകയും തുടർന്ന്, ടി വൃക്ഷത്തൈകൾ വിദ്യാർത്ഥികൾ അവരുടെ വീട്ടുവളപ്പിലോ, സ്കൂൾ വളപ്പിലോ, അനുബന്ധമായ മറ്റ് പൊതുസ്ഥലങ്ങളിലോ വച്ചുപിടിപ്പിച്ചു പരിപാലിച്ചു വരുന്നു ണ്ട്. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | സംസ്ഥാന വനം വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ അധികൃതർ, വിദ്യാർത്ഥികൾ, എൻ.എസ്.എസ്., എൻ.സി.സി., എസ്.പി.സി, മാതൃഭൂമി (സീഡ് പദ്ധതി) എന്നിവർ ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ